# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1288 — 12/07/2011 ൽ മറുപടിക്ക്

## അടൂർ പോലീസ് ക്യാമ്പിലെ ട്രെയിനികളുടെ പാസ്സിംഗ് ഔട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ആർ സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) 28/02/2011-ൽ പാസ്സിംഗ്ഔട്ട് പൂർത്തിയാക്കിയ കെ.എ.പി.-3 അടൂർ പോലീസ് ക്യാമ്പിലെ റിക്രൂട്ട്സിൽ എത്ര പേരുടെ ട്രെയിനിംഗ് ഡിക്ലയർ ചെയ്തിട്ടുണ്ടെന്നും, ഇവർക്ക് എന്നാണ് ഡിക്ലയർ ഉത്തരവ് ഉണ്ടായതെന്നും വ്യക്തമാക്കുമോ ; | (എ) 28/02/2011 ൽ പാസിംഗ് ഔട്ട് പൂർത്തിയാക്കിയ കെ.എ പി.3 അടൂർ പോലീസ് ക്യാമ്പിലെ റിക്രൂട്ട്സിൽ 272 പേരുടെ ട്രെയിനിംഗ് ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുണ്ട്.<br>ഉത്തരവ് നം.89/11 തിയതി 5/5/2011-138 പേർ<br>ഉത്തരവ് നം.127/11 തിയതി 8/6/2011-69 പേർ<br>ഉത്തരവ് നം.145/11 തിയതി 29/6/2011-65 പേർ |
| (ബി) ഡിക്ലയർ ചെയ്യാതെ ഇതേ ബാച്ചിൽ ആരെങ്കിലും ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്നും ഡിക്ലറേഷന്റെ കാലതാമസ മെന്താണെന്നും വ്യക്തമാക്കുമോ ; | (ബി) ഡിക്ലയർ ചെയ്യാത്ത 122 പേർ ഉണ്ട്. പരിശീലനകാല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്തതു കൊണ്ടാണ് ഡിക്ലറേഷൻ വൈകുന്നത്. പരീക്ഷകളിൽ വിജയിക്കുന്ന മുറയ്ക്ക് ഇവരെ യോഗ്യതയുള്ളവരായി പ്രഖ്യാപിക്കും |
| (സി) നിലവിലെ നിയമപ്രകാരം എത്രമാസ മാണ് റിക്രൂട്ട്സിന്റെ പരിശീലന കാലം; പാസ്സിംഗ്ഔട്ട് തീരുമാനിക്കുന്നത് എപ്പോഴാണ് . | (സി) നിലവിലെ നിയമപ്രകാരം 9 മാസം അതായത് 210 പ്രവൃത്തി ദിനങ്ങൾ ആണ് പരിശീലന കാലം. പരിശീലനം പൂർത്തീകരിക്കുന്ന അവസാന മാസത്തിലാണ് പാസിംഗ്ഔട്ട് തീരുമാനിക്കുന്നത് |

| | |
|---|---|
| (ഡി) 01/07/2011 മുതൽ 28/02/2011 ലെ പാസ്സിംഗ്ഔട്ട് കഴിഞ്ഞ കെ.എ.പി.-3 -ലെ പോലീസുകാർക്ക് സ്റ്റൈപന്റ് പോലും നൽകില്ലായെന്ന് അവിടത്തെ കമാണ്ടന്റ് ഉത്തരവ്/ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ , | (ഡി) യും (ഇ)യും (എഫ്) ഉം<br>യോഗ്യതാ പരീക്ഷ വിജയിക്കാത്തത് കൊണ്ടാണ് സ്റ്റൈപന്റ് നിർത്തലാക്കി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) യോഗ്യതാ പരീക്ഷകൾ വിജയിക്കുന്ന മുറയ്ക്ക് ഇവരുടെ ട്രെയിനിംഗ് ഡിക്ലയർ ചെയ്യുന്നതാണ്. |
| (ഇ) ആരുടെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെ ഒരു ഉത്തരവ് ക്യാമ്പിൽ പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | |
| (എഫ്) റിക്രൂട്ട്സിന്റെ ഭാഗത്തെ വീഴ്ച മൂലമാണോ 25/02/2011-ൽ പാസ്സിംഗ്ഔട്ട് പൂർത്തീകരിച്ചവർക്ക് ട്രെയിനിംഗ് ഡിക്ലറേഷൻ നൽകി ശമ്പളം നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ . ഇല്ലെങ്കിൽ പാസ്സിംഗ്ഔട്ട് കഴിഞ്ഞ തീയതി പ്രാബല്യത്തിൽ വരത്തക്കവിധം ഇവർക്ക് ശമ്പളം നൽകാനുള്ള ഉത്തരവ് സർക്കാർ ഭാഗത്ത് നിന്ന് ഉണ്ടാകുമോ ? | |

സെക്ഷൻ ഓഫീസർ